## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3063 — 23.03.2015 ൽ മറുപടിയ്ക്ക്

## സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുത്ത കൃതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പ് അംഗീകാരം നൽകിയതും പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുത്തതുമായ എത്ര കൃതികളാണ് ഇതുകാലമായി പ്രസിദ്ധീകരിക്കാതെ വച്ചിട്ടുള്ളത് എന്നു പറയാമോ; എന്തുകൊണ്ടാണ് ഈ കൃതികൾ തെരഞ്ഞെടുത്തിട്ടും പ്രസിദ്ധീകരിക്കാത്തത് എന്നു പറയാമോ; | (എ) | കേരള സാഹിത്യ അക്കാദമി ഏറ്റെടുത്ത് പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി അയച്ച പട്ടികയിൽ അവശേഷിക്കുന്നത് ഇടമന നാരായണൻപോറ്റി വിവർത്തനം ചെയ്ത 'ആവിമാരകം- സ്വപ്നവാസവദത്തം' എന്നീ രണ്ടു കൃതികൾ മാത്രമാണ്. ഈ രണ്ട് കൃതികളുടെയും ഫോട്ടോകോപ്പിയാണ് ലഭിച്ചത്. കമ്പോസിംഗ് ജോലികൾ യഥാസമയം നിർവ്വഹിക്കാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ സ്ക്രിപ്റ്റ് ഫോട്ടോകോപ്പിയായതിനാൽ ചില പേജുകൾ ഇല്ലായിരുന്നു. ചിലത് അവ്യക്തവുമായിരുന്നു. അരനൂറ്റാണ്ട് മുമ്പ് പ്രസിദ്ധീകരിച്ച കൃതിയാണിത്. വളരെ പഴയ മലയാളശൈലിയിലുള്ള പുസ്തകവും വളരെ തെളിച്ചമില്ലാത്ത ഫോട്ടോ കോപ്പിയുമായിരുന്നു. ആയതിനാൽ ജോലികൾ നിർത്തിവയ്ക്കാൻ നിർബന്ധിതരായി. ഇപ്പോൾ നിലവിലുള്ള രണ്ടു സ്ക്രിപ്റ്റുകളും വീണ്ടും കമ്പോസ് ചെയ്ത് സാധ്യമായവിധം അതിവേഗത്തിൽ അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ട് പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുത്ത കൃതികൾ യഥാസമയം പ്രസിദ്ധീകരിക്കാത്തത് മൂലം ഗ്രന്ഥ കർത്താക്കൾക്ക് ഉണ്ടാകാവുന്ന നഷ്ടം ഏതു വിധത്തിലാണ് പരിഹരിക്കുന്നത് എന്നു വ്യക്തമാക്കമോ; | (ബി) യും (സി) യും | ഗ്രന്ഥകാരന് നഷ്ടം സംഭവിക്കുന്ന സാഹചര്യങ്ങൾ ഇതുവരെ ഉണ്ടായതായി കാണുന്നില്ല. അതുകൊണ്ട് നഷ്ടപരിഹാരം കണ്ടെത്തേണ്ടതായി വന്നിട്ടില്ല |
| (സി) | ഇത്തരത്തിൽ നഷ്ട പരിഹാരം നൽകിയ എത്ര കേസുകൾ ഉണ്ടെന്നും ഇതിനായി എത്ര തുക നൽകേണ്ടി വന്നുവെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ